## കേരള സംഗീത നാടക അക്കാഡമി സെക്രട്ടറിയുടെ ഉത്തരവ്

**(ഹാജർ: ഡോ.പ്രഭാകരൻ പഴശ്ശി)**

**സംഗ്രഹം**

കേരള സംഗീത നാടക അക്കാഡമി - ജീവനക്കാര്യം - എൽ.ഡി. ക്ലാർക്ക് ശ്രീമതി സുജല.എസ്. കുമാരിയുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കേരള സംഗീത നാടക അക്കാഡമി**

ഉത്തരവ്. നമ്പർ: 173/2021/KSNA                    തൃശ്ശൂർ, തീയതി: 23-12-2021

പരാമർശം: കേരള സംഗീത നാടക അക്കാദമി സെക്രട്ടറിയുടെ 26-12-2019 ലെ 782/ബി1/2018(2) നമ്പർ ഉത്തരവ്.

## ഉത്തരവ്

കേരള സംഗീത നാടക അക്കാഡമി സെക്രട്ടറിയുടെ പരാമർശ ഉത്തരവ് പ്രകാരം ശ്രീമതി സുജല.എസ്. കുമാരി 28-12-2019 ൽ അക്കാദമിയിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ സർവ്വീസിൽ പ്രവേശിച്ചു. തുടർച്ചയായ 3 വർഷത്തിനുള്ളിൽ 2 വർഷം പ്രൊബേഷണനിലായിരിക്കുമെന്നും സ്വഭാവം, കീഴ് നടപ്പ് എന്നിവ തൃപ്തികരമാണെന്ന് ബോദ്ധ്യപ്പെട്ടാൽ പ്രൊബേഷൻ പൂർത്തിയാക്കിയതായി പ്രഖ്യാപിക്കണമെന്നുമാണ് സർവ്വീസ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

ശ്രീമതി. സുജല എസ്. കുമാരിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന വസ്തുതകളാണ് ബോദ്ധ്യപ്പെടുന്നത്.

അക്കാദമി സെക്രട്ടറി 6-7-2020, 13-7-2020, 17-7-2020 എന്നീ തീയതികളിൽ നൽകിയ മെമ്മോക്ക് യഥാക്രമം 11-7-2020, 21-7-2020, 5-8-2020 എന്നീ തീയതികളിൽ ശ്രീമതി. സുജല എസ്. കുമാരി സമർപ്പിച്ച വിശദീകരണവും 11-8-2020 ൽ നൽകിയ പരാതിയും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് അക്കാദമിയുടെ ചെയർപേഴ്സൺ ശ്രീമതി കെ.പി.എ.സി. ലളിത, അക്കാദമി വൈസ്ചെയർമാൻ ശ്രീ.സേവ്യർ പുൽപ്പാട്ട്, അക്കാദമി അംഗം അഡ്വ. പ്രേമപ്രസാദ്, അക്കാദമി സെക്രട്ടറി ശ്രീ.രാധാകൃഷ്ണൻ നായർ എന്നിവർ ഉൾക്കൊള്ളുന്ന ഒരു ഉപസമിതിയെ നിയോഗിക്കുകയുണ്ടായി.

ഉപസമിതി 18-8-2020 ൽ തെളിവെടുപ്പ് നടത്തി സമർപ്പിച്ച വിശദമായ റിപ്പോർട്ടിൽ പ്രൊബേഷൻ കാലയളവിൽ ശ്രീമതി. സുജല എസ് കുമാരിയുടെ പെരുമാറ്റം, സ്വഭാവം, പൊതു ചട്ടങ്ങൾക്ക് കീഴ്പ്പെട്ട്പോകൽ, ഓഫീസ് അച്ചടക്കം പാലിക്കൽ, മേലധികാരികളെ അനുസരിക്കൽ, ജോലിയുടെ രീതി, അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കൽ, ഓഫീസിന്റെ ചിട്ടയായ പ്രവർത്തനങ്ങൾക്ക് തടസ്സം, സഹപ്രവർത്തകരോടുള്ള സമീപനം, അക്കാദമി നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ് ധരിക്കാതെ നിഷേധാത്മകമായി ഓഫീസിൽ ഹാജരാകൽ എന്നിങ്ങനെ ശ്രീമതി. സുജല എസ്. കുമാരിയുടെ

കൃത്യനിർവ്വഹണ പ്രവർത്തനങ്ങൾ ഒട്ടും തൃപ്തികരമല്ലെന്നും അതിനാൽ അക്കാദമി ജീവനക്കാരുടെ സർവ്വീസ് ചട്ടങ്ങൾ ഖണ്ഡിക 18 പ്രകാരം ശ്രീമതി. സുജല എസ്. കുമാരിയുടെ പ്രൊബേഷൻ കാലം അവസാനിപ്പിക്കണമെന്നും ശിപാർശ ചെയ്യുകയുണ്ടായി.

ഉപസമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 24-8-2020 ൽ നൽകിയ നോട്ടീസിൽ ടിയാളുടെ പ്രൊബേഷൻ അവസാനിപ്പിക്കാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയത് രേഖാമൂലം സമർപ്പിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി.

24-8-2020 ലെ നോട്ടീസിന് ശ്രീമതി. സുജല എസ്. കുമാരി നൽകിയ 28-8-2020 ലെ വിശദീകരണത്തിൽ ഉപസമിതിയുടെ അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തൽ നിഷേധിക്കുകയും 85 വയസ്സ് കഴിഞ്ഞ പിതാവിനും വിധവയായ സഹോദരിക്കും അവരുടെ രണ്ട് മക്കൾക്കും ഏക ആശ്രയമാണ് താനെന്നും അതിനാൽ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും വിടുതൽ ചെയ്യുന്നതിനുള്ള നടപടികൾ അവസാനിപ്പിക്കണമെന്നുമാണ് അപേക്ഷിച്ചത്.

ശ്രീമതി. സുജല എസ്.കുമാരിയുടെ മറുപടി തൃപ്തികരമോ വസ്തുതകൾക്ക് നിരക്കുന്നതോ അല്ലെന്ന് ബോദ്ധ്യപ്പെട്ട് 01-10-2020 ലെ B2-2296/2019 നമ്പർ ഉത്തരവ് പ്രകാരം ടിയാളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

പ്രസ്തുത ഉത്തരവിനെ ചോദ്യം ചെയ്ത് ശ്രീമതി. സുജല എസ്. കുമാരി കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (C) 21385/2020 നമ്പർ കേസിൽ അക്കാദമി സെക്രട്ടറിയുടെ 1-10-2020 ലെ ഉത്തരവ് സ്റ്റേ ചെയ്തതിനെ തുടർന്ന് ശ്രീമതി സുജല എസ്. കുമാരി 12-10-2020 ൽ തിരികെ ഓഫീസിൽ റിപ്പോർട്ട് ചെയ്ത് ജോലിയിൽ തുടരവേ കേസിൽ അന്തിമ വാദം കേട്ട് 14-10-2020 ൽ കേരള ഹൈക്കോടതി പുറപ്പെടുവിച്ചവിധിയിൽ രണ്ടാം എതിർവാദിയായ അക്കാദമിയിലെ അധികാരസ്ഥന് ഹർജിക്കാരിക്കെതിരെയുള്ള കുറ്റാരോപണങ്ങളെ സംബന്ധിച്ച് വിശദീകരണം നൽകുന്നതിന് ടിയാളെ കൂടി നേരിൽ കേട്ട് ഉചിതമായ തീരുമാനമെടുക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

അതനുസരിച്ച് ശ്രീമതി. സുജല എസ്. കുമാരിയുടെ വിശദീകരണം തേടുന്നതിന് 8-1-2021 ൽ ഹാജരാവാൻ നോട്ടീസ് നൽകിയെങ്കിലും പിതാവിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണെന്ന കാരണത്താൽ ഹാജരായില്ല. തുടർന്ന് 4-2-2021 ൽ ടിയാളെ നേരിൽ കേട്ട നിർവ്വാഹക സമിതി, ശ്രീമതി. സുജല എസ്. കുമാരി വാക്കാലും രേഖാമൂലവും നൽകിയ വിശദീകരണം അക്കാദമി വക്കീലിന്റെ നിയമോപദേശം തേടി തുടർ നടപടി സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

ശ്രീമതി. സുജല എസ്. കുമാരിക്കെതിരെയുള്ള നടപടികളിൽ പ്രശ്നപരിഹാരത്തിനായി സമിതി അംഗം അഡ്വ. പ്രേമപ്രസാദ്, ശ്രീ.വി.ടി.മുരളി എന്നിവർ

ഉൾപ്പെടുന്ന ഉപസമിതി മുമ്പാകെ 22-7-2021 ൽ ഹാജരാവുന്നതിന് നോട്ടിസ് നൽകിയെങ്കിലും പിതാവിന്റെ അസുഖം ചൂണ്ടിക്കാട്ടി കമ്മിറ്റി മുമ്പാകെ ഹാജരാകാൻ കഴിയില്ലെന്ന് അറിയിച്ച് ധാർഷ്ഠ്യവും നിഷേധാത്മകവുമായ നിലപാടാണ് ശ്രീമതി. സുജല എസ്. കുമാരി സ്വീകരിച്ചത്.

ശ്രീമതി. സുജല എസ്. കുമാരിയെ നേരിൽ കേൾക്കുന്നതിന് രണ്ട് തവണ അറിയിപ്പ് നൽകിയെങ്കിലും രണ്ട് അവസരങ്ങളിലും ഹാജരാവാതിരിക്കുകയും, പിന്നീട് ഹാജരാകുന്നതിന് സന്നദ്ധത നാളിതുവരെ അറിയിക്കാതിരിക്കുകയും ചെയ്യുന്നത് ഉപസമിതിയെ ധിക്കരിക്കലാണെന്ന് ബോദ്ധ്യപ്പെടുന്നു.

27-7-2021 ൽ നൽകിയ B2-2296/2019 നമ്പർ നോട്ടീസിൽ നിന്നും 27-3-2021 ലെ ഓഫീസ് ഓർഡർ പ്രകാരം ശ്രീമതി. സുജല എസ്. കുമാരിക്ക് കൈമാറിയ ചുമതലകൾ നോട്ടീസ് തീയതിവരെ നിർവഹിക്കാൻ തയ്യാറായിട്ടില്ലെന്ന് ടിയാളുടെ വിശദീകരണത്തിൽ നിന്നുതന്നെ വ്യക്തമാണെതിനാൽ മേലധികാരിയുടെ രേഖാമൂലമുള്ള ഉത്തരവുകൾ പോലും ശ്രീമതി. സുജല എസ്. കുമാരി പാലിക്കാൻ തയ്യാറാവുന്നില്ലെന്ന് വ്യക്തമായി തെളിയുന്നു.

ശ്രീമതി. സുജല എസ്. കുമാരിയുടെ പിതാവ് ശ്രീ.സി.എ.ദാമോദരൻ 20-7-2020 ൽ അക്കാദമി സെക്രട്ടറിക്ക് അയച്ച കത്തിൽ തന്റെ മകളുടെ പെരുമാറ്റം മാതാപിതാക്കളായ തങ്ങൾക്ക് ഉൾക്കൊള്ളാനാവാത്തതാണെന്നും ഏറ്റുമാനൂർ കുടുംബകോടതിയിൽ പിതാവിനെ പ്രതിയാക്കി ഫയൽ ചെയ്ത ഒ.എസ്.1136/2020 നമ്പർ കേസിൽ ടിയാൾക്ക് അക്കാദമിയിൽ ജോലി ഉണ്ടായിരിക്കെ വരുമാനമോ ജോലിയോ ഇല്ലെന്ന് കോടതിയിൽ സത്യവാങ്മൂലം നൽകിയത് നിലവിലെ ജോലിയും വരുമാനവും മറച്ചുവച്ചാണെന്നും ഒരു സ്ത്രീ എന്ന നിലയിൽ തന്റെ മകൾ നിയമങ്ങളും സംരക്ഷണവും ബോധപൂർവ്വം ചൂഷണം ചെയ്ത് സമൂഹത്തിന് നിരക്കാത്ത പ്രസ്താവനകളും പ്രവൃത്തികളും ചെയ്യുന്ന വ്യക്തിയാണെന്നും വിശദീകരിക്കുന്നു.

കേരള സംഗീതനാടക അക്കാഡമിയിലെ ജീവനക്കാരിയായ ശ്രീമതി. സുജല എസ്. കുമാരി താമസിക്കുന്ന എൻ.എസ്.എസ്. ഹോസ്റ്റൽ വാർഡൻ 9-10-2021 ൽ ശ്രീമതി. സുജല എസ്. കുമാരിക്ക് നൽകിയ കത്തിന്റെ ഒരു പകർപ്പ് അക്കാദമി സെക്രട്ടറിക്ക് ഹാജരാക്കിയിട്ടുള്ളതിൽ നിന്നും ഹോസ്റ്റലിലെ ഇതര വനിതാ താമസക്കാരുമായി യോജിച്ചുപോകുന്ന തരത്തിലല്ല പെരുമാറ്റമെന്നതിനാൽ ഹോസ്റ്റൽ ഒഴിഞ്ഞു കൊടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതായി കാണാവുന്നതാണ്.

ക്ലാർക്ക് തസ്തികയിൽ 29-12-2019 ൽ നിയമിതയായ ശ്രീമതി. സുജല എസ്. കുമാരിയുടെ പ്രൊബേഷൻ കാലയളവിലെ ജോലി, സ്വഭാവം, സഹപ്രവർത്തകരോടുള്ള സമീപനം, ജോലിയിലുള്ള താല്പര്യം, മേലധികാരികളെയും ചട്ടങ്ങളെയും അനുസരിക്കൽ, അക്കാഡമി അധികൃതർ നൽകിയിട്ടുള്ള തിരിച്ചറിയൽ രേഖ ധരിക്കാതെ

ഓഫീസിൽ ഹാജരാകൽ, തപാൽ സ്വീകരിക്കുന്നതിൽ വിമുഖത, അക്കാദമിയുടെ പരമോന്നത സമിതി അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിച്ച ഉപസമിതി മുമ്പാകെ ഹാജരാകണമെന്ന രേഖാമൂലമുള്ള നിർദ്ദേശം അവഗണിക്കൽ, ഏറ്റുമാനൂർ കുടുംബകോടതിയിൽ അസത്യ പ്രസ്താവന ഫയൽ ചെയ്യൽ എന്നിങ്ങനെയുള്ള കാരണങ്ങളാൽ ടിയാളുടെ ക്ലാർക്ക് തസ്തികയിലെ നിരീക്ഷണകാലം ഒട്ടും തൃപ്തികരമല്ലെന്ന് ബോദ്ധ്യപ്പെടുന്നു.

അതിനാൽ ശ്രീമതി. സുജല എസ്.കുമാരിയുടെ പ്രൊബേഷൻ കാലയളവ് കെ.എസ്.& എസ്.എസ് ആർ ചട്ടം 21 പ്രകാരം ആറുമാസത്തേക്ക് ദീർഘിപ്പിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡോ. പ്രഭാകരൻ പഴശ്ശി
സെക്രട്ടറി.

ശ്രീമതി സുജല.എസ്.കുമാരി
പ്രിൻസിപ്പൽ സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ് (ആമുഖ കത്ത് മുഖേന)
ജനറൽ കൗൺസിൽ അംഗങ്ങൾക്ക്
സെക്രട്ടറിയുടെ പി.എ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
പ്രോഗ്രാം ഓഫീസർ/ജൂനിയർ സൂപ്രണ്ടന്റ്
അക്കൗണ്ട്സ് വിഭാഗം
ജനറൽ ഫയൽ/ഒസി/അധിക കോപ്പി
വെബ്സൈറ്റ്/ഫയൽ നമ്പർ B2-2269/2019/KSNA.